# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

## കണ്ണൂർ ജില്ല

(പ്രാബല്യം: **05.02.2022** മുതൽ **09.02.2022** വരെ)

# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 05.02.2022 മുതൽ 09.02.2022 വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 10/2022 | തീയ്യതി: 04/02/2022 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ


| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 00 | 34.4 – 35.9 | 22.0 – 25.1 | 63.3 – 88.8 | 00 – 12 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 02-05-2022 | 02-06-2022 | 02-07-2022 | 02-08-2022 | 02-09-2022 |
|---|---|---|---|---|---|
| മഴ, മി.മീ | 0 | 0 | 0 | 0 | 0 |
| കൂടിയ താപനില, °C | 35 | 36 | 36 | 35 | 35 |
| കുറഞ്ഞ താപനില, °C | 23 | 25 | 25 | 25 | 24 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 270 | 270 | 250 | 250 | 250 |
| മേഘ വിന്യാസം, ഒക്ടാ | 2 | 2 | 2 | 2 | 2 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| | **മഴയില്ല** | | |
| **പൊതു നിർദ്ദേശങ്ങൾ** | **മഴയില്ല** .പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപ നിലയും അനുഭവപ്പെടും. ഉയർന്ന അന്തരീക്ഷ ആർദ്രതയും അനുഭവപ്പെടും. ആകാശം തെളിഞ്ഞതോ ഭാഗീകമായി മേഘാവൃതമോ ആയിരിക്കും.<br><br>ഇലകരിച്ചിൽ വാട്ടം മുതലായ പൂപ്പൽ രോഗങ്ങൾ അധികരിച്ചേക്കാം. രോഗബാധയുടെ പ്രാരംഭ ദശയിൽ തന്നെ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക.<br><br>ഇലകരിച്ചിൽ വാട്ടം മുതലായ പൂപ്പൽ രോഗങ്ങൾ അധികരിച്ചേക്കാം. രോഗബാധയുടെ പ്രാരംഭ ദശയിൽ തന്നെ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക. | | |

| | | | |
|---|---|---|---|
| **<u>പൊതു നിർദ്ദേശങ്ങൾ</u>** | വരൾച്ചയെ പ്രതിരോധിക്കാൻ:-<br>1) വിളകളുടെ തടത്തിൽ പുതയിടുക.<br>2) സാധ്യമായിടങ്ങളിലൊക്കെ കണിക ജലസേചന രീതി അവലംബിക്കുക.<br>3) പകൽ 12 മണിയ്ക്കും 3 മണിയ്ക്കും ഇടയിൽ കാർഷിക വൃത്തികൾ ഒഴിവാക്കുക.<br>4) നനയില്ലാത്ത വിളകൾക്ക് രാസവളങ്ങൾ, കോഴിവളങ്ങൾ എന്നിവ മിതമായി മാത്രം പ്രയോഗിക്കുക.<br>5) വിളകളുടെ തടിയിൽ കുമ്മായം പൂശുക<br>6) സൾഫേറ്റ് ഓഫ് പൊട്ടാഷ് അഞ്ച് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ പതിനഞ്ചു ദിവസ ഇടവേളകളിൽ ഇലകളിൽ തളിക്കുക<br><br>ഈർപ്പ നഷ്ടം കുറക്കാനായ് മണ്ണിനു പുതയിടുക. കീട-രോഗ ബാധയില്ലാത്ത വിളകളുടെ അവശിഷ്ടങ്ങളോ പച്ചിലകളോ കരിയിലകളോ ഇതിനായി ഉപയോഗിക്കാം. തനതു വിളകളുടെ അവശിഷ്ടങ്ങൾ ഒഴിവാക്കുന്നത് പുതയിൽ പ്രസ്തുത വിളയെ ബാധിക്കുന്ന കീട രോഗങ്ങളുടെ പ്രജനനം ഒഴിവാക്കാൻ സഹായകരമാകും. മേൽമണ്ണ് ഇളക്കി പൊടിച്ചു നിയതമായി പരത്തിയിടുന്നത് പുതയിടുന്നതിനു സമാനമായ ഒരു രീതിയാണ്. ഇത് മണ്ണിലെ ഈർപ്പ നഷ്ടം തടയാൻ സഹായിക്കും. | | |
| തെങ്ങ് | വിവിധ ഘട്ടം | വരൾച്ച | 1) താഴത്തെ നിരയിലെ രണ്ടു പച്ചോലകൾ വെട്ടി മാറ്റുക<br>2) തടത്തിൽ കമ്പോസ്റ്റ് വിതറുക<br>3) ഉണങ്ങിയ ഓലകൾ കൊണ്ട് പുതയിടുക<br>4) കണികാ ജലസേചനം സ്വീകരിക്കുക<br>5) തൈ തെങ്ങുകളെ തണൽ നൽകി സംരക്ഷിക്കുക |
| മാവ് | കായ പിടിക്കുന്ന ഘട്ടം | കായീച്ച<br>  | നിലത്തു വീണു കിടക്കുന്ന കായീച്ചകളെ എടുത്തു 60 സിഎം ആഴത്തിൽ കുഴി ഉണ്ടാക്കി നശിപ്പിക്കുക.<br>തോട്ടങ്ങളിൽ ഫിറമോൺ കെണികൾ (@ 1 trap/15സെന്റ്സ്) സ്ഥാപിക്കുക. |
| വഴുതന | വിവിധഘട്ടം | എപിലാക് ന വണ്ട്<br>  | എപിലാക്ന വണ്ട് വണ്ടിന്റെ എല്ലാ വളർച്ചാഘട്ടങ്ങളും നശിപ്പിച്ചു കളയുക. വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം 20 മിലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ഒഴിക്കുക. വേപ്പെണ്ണ കുരു സത്ത് 5 ശതമാനം വീര്യത്തിൽ കലക്കി ഒഴിക്കുക |

| | | | |
|---|---|---|---|
| വെള്ളരി | പുതുതായി വിത്തിടുന്ന സമയം | വെള്ളരി വണ്ട്  | വെള്ളരി വിത്ത് നടുന്ന സമയത്ത് മാലത്തിയോൺ 5% പൊടി ഒരു തീപ്പെട്ടികൂട്ടിൽ നിറയെ ഒരു തടത്തിൽ എന്നതോതിൽ വിതറി മണ്ണുമായി ഇളക്കി ചേർക്കുക |
| വെള്ളരിവർഗ വിളകൾ | വിവിധ ഘട്ടം | പൊടി പൂപ്പൽ രോഗം  | മുൻ കരുതലായി "മാങ്കോസെബ്" 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി ഇലകളുടെ ഇരു വശത്തും തളിക്കുക.<br>രോഗം കാണുകയാണെങ്കിൽ "ലൈം സൾഫർ " 3 ഗ്രാം. ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 10 ദിവസ ഇടവേളകളിൽ രണ്ടു തവണ തളിക്കുക..<br>രോഗബാധിത ഇലകൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക. |
| പാവയ്ക്ക | വിവിധ ഘട്ടം | കായീച്ച  | ഫിറമോൺ കെണി 15സെന്റിന് 1വീതം തൂക്കിയിടുക.<br>+<br>10% ശർക്കരയും 0.1% മാ ലത്തിയോണും അടങ്ങിയ മിശ്രിതം ഇലയുടെ അടിഭാഗത്തായി $40 m^2$ സ്ഥലത്തേക്ക് രണ്ടാഴ്ച ഇടവേളകളിൽ തളിച്ച് കൊടുക്കുക . |
| ചീര | വിവിധ ഘട്ടം | ഇലകരിച്ചിൽ  | ജലസേചനം നടത്തുമ്പോൾ വെള്ളം ഇലകളുടെ മുകളിൽ വീഴാതെ തടത്തിൽ ഒഴിച്ച് കൊടുക്കുക. കരിച്ചിൽരൂക്ഷമായാൽചാണകത്തെളി (1കി.ഗ്രാം.ചാണകം 10 ലി. വെള്ളത്തിൽ കലക്കി അരിച്ചു തെളി എടുക്കുക) തളിച്ച് കൊടുക്കുക .കൂടാതെ 2% വീര്യത്തിൽ സ്യൂഡോമോണാസ് /ട്രൈക്കോഡെർമ മണ്ണിൽ ഒഴിച്ച് കൊടുക്കുക. |
| കവുങ്ങ് | 3 - 4 വർഷം പ്രായമായ തൈകൾ | ഇല കരച്ചിൽ, കൂമ്പു ചീയൽ എന്നിവ  | 1% ബോഡോ മിശ്രിതം തളിക്കുക. |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി